മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സീഡ് ബിൽ, 2004 ഇപ്പോൾ കേന്ദ്ര സർക്കാർ രാജ്യസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. പാർലമെന്റിന്റെ ഇരു സഭകളിലും ചർച്ച ചെയ്തതിനുശേഷമേ അതിന് അന്തിമ രൂപം ആകുകയുള്ളൂ. ഈ ബില്ലിലെ സെക്ഷൻ 43 (1) പ്രകാരം കൃഷിക്കാർക്ക് തന്റെ വിത്തുകൾ സൂക്ഷിക്കാനും ഉപയോഗിക്കാനും കൈമാറ്റം ചെയ്യാനും വിൽക്കാനും ചില ഉപാധികളോടുകൂടി സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുള്ളതാണ്. ഇത് കൃഷിക്കാരന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് പ്രഥമദൃഷ്ട്യാ തോന്നുന്നില്ല. എങ്കിലും ഇതിനെപ്പറ്റി വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഇത് വിശദമായി പരിശോധിച്ച് സംസ്ഥാന കർഷകരെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത് കൃഷിക്കാരുടെ ഇടയിൽ ഒരു ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. അത് വിശദമായി പഠിച്ചശേഷം അതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ ഗവൺമെന്റ് തലത്തിൽ തന്നെ കേന്ദ്ര ഗവൺമെന്റിൽ ടേക്കപ്പ് ചെയ്യുന്നതായിരിക്കും.

## (3) വടകരയിൽ കളരി അക്കാഡമി

ശ്രീ. സി. കെ. നാണു: സർ, വടകരയിൽ കളരി അക്കാഡമി സർക്കാർ ഏർപ്പെടുത്താൻ പോകുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വടകര മുനിസിപ്പാലിറ്റി ഇതു സംബന്ധിച്ച് ആലോചിച്ചു. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള തീരുമാനങ്ങളുണ്ടാക്കി. കേരളത്തിലെ കളരിയുടെ ആസ്ഥാനമായ കടത്തനാട്ടിൽ കളരിയുടെ ചരിത്രത്തെ സംബന്ധിച്ചും അതിന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചും വിപുലമായ ഒരു ലേഖനപരമ്പരയും വടകരയിൽ ഒരു സെമിനാറും മലയാള മനോരമ സംഘടിപ്പിച്ചു. ആ സെമിനാറിൽ പങ്കെടുത്തുകൊണ്ട് മുൻ സ്പോർട്സ് വകുപ്പു മന്ത്രി ശ്രീ. കെ. സുധാകരൻ വളരെ വേഗം തന്നെ വടകരയിൽ കളരി അക്കാഡമി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. വടകരയിലെ പഴയ കളരി ഗുരുക്കന്മാരും ഇപ്പോഴുള്ള കളരി ഗുരുക്കന്മാരും ചേർന്നുകൊണ്ട് കളരിക്ക് വേണ്ടി അവരുടേതായ ഒരു സംഘടന ഉണ്ടാക്കിയിരിക്കുകയാണ്. മലയാള മനോരമ ഏതാനും ദിവസങ്ങൾക്കകം വീണ്ടും ഒരു സെമിനാർ നടത്തുകയാണ്. കളരി അക്കാഡമിക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങളെല്ലാം ചെയ്തുതരാൻ സന്നദ്ധമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പു തരുന്നു. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി വടകരയിൽ കളരി അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, പാരമ്പര്യ ആയോധന കലയായ കളരി പ്രോൽസാഹിപ്പിക്കുന്നതിന് 2004-05-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വടകരയിൽ കളരി അക്കാഡമി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുവരെ അതിനുള്ള സ്ഥലം തരാൻ മുനിസിപ്പാലിറ്റി മുന്നോട്ട് വന്നിട്ടില്ല. മുനിസിപ്പാലിറ്റി സ്ഥലം തരാൻ തയ്യാറാണെങ്കിൽ അടിയന്തിരമായി ഇത് ആരംഭിക്കാൻ നടപടിയെടുക്കാം. മറ്റ് സ്കീമുകളെല്ലാം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് മുനിസിപ്പാലിറ്റിയെക്കൊണ്ട് സ്ഥലം അനുവദിപ്പിച്ചാൽ പദ്ധതി ആരംഭിക്കാം. അതിനുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly